തമ്പി ആന്റണി

## പരിഭവം

ഞാൻ ഒന്നും
മിണ്ടാതിരുന്നതിന്റെ
മൂന്നാം ദിവസമാണ്
അവൾ മരിച്ചത്..
സാധാരണ
പിണങ്ങിയാൽ
സംസാരം തുടങ്ങുന്നത്
എന്നും തന്നെ
ക്യത്യമായിട്ടും
മൂന്നാമത്തെ ദിവസമാണ്
സത്യത്തിൽ അന്ന്
അതിനും മുൻപ്
മാനസികമായി തന്നെ
അവൾ
മരിച്ചിരുന്നിരിക്കണം
ഒരു പക്ഷെ
യാത്രയാകുന്നതിനും
എത്രയോ മുൻപ്..
ആ തീരുമാനവും
ഉറപ്പിച്ചിരുന്നതു പോലെ
ഇനിയൊരിക്കലും
മിണ്ടില്ലായെന്ന്
മൃതദേഹത്തിലെ
അവളുടെ മുഖഭാവം
എന്നോട്
പരിഭവിക്കുന്നതും
എന്റെ കാതിൽ
മൃദുലമായി
മന്ത്രിക്കുന്നതും
എനിക്ക് കേൾക്കാമായിരുന്നു.